ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ ഇ.എസ്.ഐ. കോർപ്പറേഷന് ബ്രാഞ്ച് ഓഫീസുകളില്ലാത്തതിനാൽ ആ ജില്ലകളിലെ അംഗങ്ങളുടെ എണ്ണം പ്രത്യേകം ലഭ്യമല്ല. അവ യഥാക്രമം എറണാകുളം, കോഴിക്കോട് ജില്ലകളിലെ അംഗസംഖ്യകളോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട് വയനാട് ജില്ലയിലെ ഒരു പ്രദേശവും ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നതനുസരിച്ച് അവർ പദ്ധതിയുടെ പരിധിക്ക് പുറത്താവുകയും പുതിയ തൊഴിലാളികൾ സ്കീമിൽ അംഗങ്ങളാവുകയും ചെയ്യുന്നതുകൊണ്ട് അംഗങ്ങളുടെ എണ്ണത്തിൽ ഏറ്റകുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

ശ്രീ. ടി. കെ. രത്നാകരന്റെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷയിന്മേൽ തീരുമാനമെടുക്കാൻ നടപടി

98 [1237] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പത്രപ്രവർത്തകനായ ശ്രീ. ടി. കെ. രത്നാകരന്റെ ഇ.എസ്.ഐ. പദ്ധതിപ്രകാരമുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷയിൽ നാളിതുവരെ തീരുമാനമാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രീ. രത്നാകരൻ പ്രസ്തുത അപേക്ഷ സമർപ്പിച്ചത് എന്നാണ് എന്നു വെളിപ്പെടുത്തുമോ;

(സി) ഈ മെഡിക്കൽ റീഇംപേഴ്സ്മെന്റ് പാസ്സാക്കിക്കിട്ടുന്നതിന് തടസ്സമായി നിൽക്കുന്ന സംഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരുമാനമായിട്ടുണ്ട്.

(ബി) അപേക്ഷ ഇൻഷ്വറൻസ് മെഡിക്കൽ ഡയറക്ടറുടെ ഓഫീസിൽ 30-3-2002-ൽ ലഭിച്ചു.

(സി) ഫണ്ടിന്റെ അപര്യാപ്തതയായിരുന്നു കാലതാമസത്തിന് കാരണമായത്.

(ഡി) തുക വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്ക് കണ്ടിജന്റ് ബിൽ 20-11-2003-ൽ നൽകിയിട്ടുണ്ട്.

സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളിലെ പൂജാരിമാർക്ക് ക്ഷേമനിധി രൂപീകരിക്കുവാൻ നടപടി

99 [1238] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസംഘടിതരും തുച്ഛവരുമാനക്കാരുമായ സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളിലെ പൂജാരിമാർക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly